# കേരള സർവകലാശാല

നം.പി.ആർ.93എ/2008 ഫോൺ: 2305738

## പത്രക്കുറിപ്പ്

## സിൻഡിക്കേറ്റ് വാർത്തകൾ

### 200 അസിസ്റ്റന്റുമാരെ നിയമിക്കും

കേരള സർവകലാശാലയിൽ 200 അസിസ്റ്റന്റുമാരെ നിയമിക്കാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. അസിസ്റ്റന്റ് നിയമനത്തിനുള്ള എസ്.ടി.ലിസ്റ്റിലെ ഇന്റർവ്യൂ മേയ് 17 ന് നടത്തും.

### തോപ്പിൽ ഗോപാലകൃഷ്ണന്റെ പേരിൽ പ്രഭാഷണം

അന്തരിച്ച സിൻഡിക്കേറ്റ് അംഗം ശ്രീ.തോപ്പിൽ ഗോപാലകൃഷ്ണന്റെ സ്മരണക്കായി എൻഡോവ്മെന്റ് പ്രഭാഷണം ഏർപ്പെടുത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചു.

### സെനറ്റ്: പ്രത്യേക യോഗം 6 ന്

കേരള സർവകലാശാല മേയ് രിന് നടത്താനിരുന്ന പ്രത്യേക സെനറ്റ് യോഗം മേയ് ആറിലേക്ക് മാറ്റി. വൈസ്-ചാൻസലർ നിയമനത്തിന് പേരുകൾ ശുപാർശചെയ്യാനുള്ള സമിതിയിലേക്കുള്ള സെനറ്റിന്റെ പ്രതിനിധിയെ തിരഞ്ഞെടുക്കാനുള്ള ഈ യോഗം രാവിലെ 8.30 നാണ് നടക്കുക.

### ബി.ടെക് പരീക്ഷ: ഇന്ന് യോഗം

കേരള സർവകലാശാലയിൽ ബി.ടെക് പരീക്ഷാ നടത്തിപ്പിനെക്കുറിച്ച് ചർച്ചചെയ്യാൻ സിൻഡിക്കേറ്റിന്റെ പരീക്ഷ ഉപസമിതി പ്രോ-വൈസ് ചാൻസലർ ഡോ.വി.ജയപ്രകാശിന്റെ അദ്ധ്യക്ഷതയിൽ ഇന്ന് (ഏപ്രിൽ 30) യോഗം ചേരും.

### പി.എച്ച്.ഡി നൽകും

ക്ലാര ബെർണാഡെറ്റ് രേഷ്മ (ഇംഗ്ലീഷ്), ഷീല കെ.എൽ (ഡെമോഗ്രഫി), നാരായൺ.ജി. സ്മിത സി.മാത്യു, തങ്കമണി.എം., പി.വി.പ്രഭാകരൻ (കെമിസ്ട്രി), ജെ.തെരേസ ശോഭന (ഫിസിക്സ്), ബെയോ ആർ.എസ് (സുവോളജി), ടി.ആർ.മുരളീകൃഷ്ണൻ (ലിംഗ്വിസ്റ്റിക്സ്), തോമസൺ രാജൻ കോലത്ത് (മാനേജ്മെന്റ്), പി.ജോൺസൺ, കെ.വിജയകുമാരൻ നായർ (ഹിസ്റ്ററി), കെ.രാധാകൃഷ്ണൻ, വിനോദ് പി., ബബിത എസ് (ബയോടെക്നോളജി), ബിന്ദു.എസ് (എഡ്യുക്കേഷൻ), പ്രിയ.കെ.വി (സോഷ്യൽ വർക്ക്) കവിത.പി.കെ.(മ്യൂസിക്), ടി.മോഹനകുമാർ (ലൈബ്രറി സയൻസ്), എ.കെ.പ്രസാദ്(ഇക്കണോമിക്സ്) എന്നിവർക്ക് പി.എച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന കേരള സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

**സർവകലാശാല മന്ദിരം**
**തിരുവനന്തപുരം**
29.04.2008

**എസ്.ഡി.പ്രിൻസ്**
**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

---

# കേരള സർവകലാശാല

നം.പി.ആർ.93/2008 ഫോൺ: 2305738

## പത്രക്കുറിപ്പ്

### എം.ബി.എ. കോൺടാക്റ്റ് ക്ലാസ്സ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രം നടത്തുന്ന ഒന്നും, രും എം.ബി.എ വിദ്യാർത്ഥികളുടെ കോൺടാക്റ്റ് ക്ലാസ്സ് മേയ് നാല്, അഞ്ച് എന്നുള്ളത് യഥാക്രമം 10, 11 ലേക്ക് മാറ്റി.

### പി.ജി.ഡിപ്ലോമ കോൺടാക്റ്റ് ക്ലാസ്സ്

കേരള സർവകലാശാല വിദൂരപഠന പി.ജി.ഡിപ്ലോമ ഇൻ മാർക്കറ്റിങ്ങ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ട്രാവൽ ആൻഡ് ടൂറിസം എന്നീ കോഴ്സുകളുടെ കോൺടാക്റ്റ് ക്ലാസ്സ് മേയ് അഞ്ച് മുതൽ കാര്യവട്ടം ഐ.ഡി.ഇ യിൽ നടത്തും.

### എം.എ. ഇക്കണോമിക്സ് ഓപ്ഷൻ

കേരള സർവകലാശാല വിദൂരപഠന രാം വർഷ എം.എ ഇക്കണോമിക്സ് വിദ്യാർത്ഥികൾ അവരവരുടെ ഓപ്ഷൻ ഫോം മേയ് അഞ്ചിനകം സമർപ്പിക്കണം.

### എം.എ. ഇംഗ്ലീഷ്

കേരള സർവകലാശാല വിദൂര പഠന ഒന്നാം വർഷ എം.എ ഇംഗ്ലീഷ് അസൈൻമെന്റും രാം വർഷ എം.എ ഇംഗ്ലീഷ് പ്രോജക്ടും മേയ് 15 നകം സമർപ്പിക്കണം.

### എം.പി.എ. ഫലം

കേരള സർവകലാശാല 2007 നവംബറിൽ നടത്തിയ രാം സെമസ്റ്റർ എം.പി.എ.ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് മാർക്ക് ലിസ്റ്റ് പരീക്ഷാ കേന്ദ്രങ്ങളിൽ ലഭിച്ച് രാഴ്ചയ്ക്കകം അപേക്ഷിക്കണം.

### എം.എസ്സി. കമ്പ്യൂട്ടർ സയൻസ്

കേരള സർവകലാശാല വിദൂര പഠന നാലാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾ പ്രോജക്ട് റിന്യൂവൽ ഫോം മേയ് ഒൻപതിന് മുൻപ് സമർപ്പിക്കണം.

### എം.എ. മലയാളം (ഫൈനൽ)

കേരള സർവകലാശാല വിദൂര പഠന രാം വർഷ എം.എ മലയാളം വിദ്യാർത്ഥികൾക്ക് മേയ് അഞ്ച്, ആറ് തീയതികളിൽ കാര്യവട്ടം ഐ.ഡി.ഇ.യിൽ ക്ലാസ് ഉായിരിക്കും.

## ബി.എസ്‌സി പ്രാക്ടിക്കൽ

കേരള സർവകലാശാല തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 2008 ഏപ്രിൽ 24ന് നടത്താേിയിരുന്ന ബി.എസ്‌സി സുവോളജി സബ്സിഡിയറി (സപ്ലിമെന്ററി ഒക്ടോബർ 2007) പ്രാക്ടിക്കൽ പരീക്ഷ മേയ് അഞ്ചാം തീയതി നടത്തും. സമയത്തിനും ബാച്ചിനും മാറ്റമില്ല.

## ബി.സി.എ./ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല ഒന്നും, രും, മൂന്നും വർഷ വിദൂര പഠന ബി.സി.എ./ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം മേയ് 15, 12, ഏഴ് തീയതികളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ പരീക്ഷാകേന്ദ്രങ്ങളിലും ഐ.ഡി.ഇ.യിലും ലഭിക്കും.

## ഓറിയന്റേഷൻ പ്രോഗ്രാം

കേരള സർവകലാശാല അക്കാഡമിക് സ്റ്റാഫ് കോളേജിൽ മേയ് ര് മുതൽ 29 വരെ നടത്താനിരുന്ന ഓറിയന്റേഷൻ പ്രോഗ്രാം മേയ് മൂന്ന് മുതൽ തുടങ്ങും. കോഴസിൽ പങ്കെടുക്കുന്ന അദ്ധ്യാപകർ മേയ് മൂന്നിന് രാവിലെ ഒൻപതിന് ഓഫീസിൽ റിപ്പോർട്ട് ചെയ്യണം.

**സർവകലാശാല മന്ദിരം**
**തിരുവനന്തപുരം**
29.04.2008

**എസ്.ഡി.പ്രിൻസ്**
**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

---

**e-mail:** keralauniversity@vsnl.com **website:** www.keralauniversity.edu